**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 190** **12-10-2026-ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും ജനറൽ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ രാത്രി സമയങ്ങളിൽ ഡ്യൂട്ടിക്ക് ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തത് ഗുരുതരമായ പ്രതിസന്ധികൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; പ്രസ്തുത വിഷയത്തിൽ ആരോഗ്യ വകുപ്പ് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ നിലവിൽ 5 ഡോക്ടർമാരുടെ സേവനമാണ് ലഭ്യമാക്കി വരുന്നത്. മൂന്ന് ഷിഫ്റ്റുകളിലായി പ്രവർത്തിക്കുന്ന ഈ വിഭാഗത്തിൽ ഓരോ ഷിഫ്റ്റിലും ഒരു കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമാകുന്നുണ്ട്.

**(ബി)** ജനറൽ ആശുപത്രിയിൽ പുതിയതായി നിർമ്മിച്ച ഓർത്തോ ബ്ലോക്ക്, നേത്രവിഭാഗം തിയേറ്റർ, ഡയാലിസിസ് യൂണിറ്റ് എന്നിവയുടെയെല്ലാം നിലവിലെ സ്ഥിതി എന്താണെന്നും ഈ പദ്ധതികൾ വൈകിപ്പിക്കുന്നതിനും സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കാത്തതിനും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കും ഏജൻസികൾക്കുമെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

**മറുപടി:** ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുമായി ബന്ധപ്പെട്ട സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ, ഡയാലിസിസ് ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാകേണ്ടതുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാകുകയും ചെയ്യുന്ന മുറയ്ക്ക് ഡയാലിസിസ് യൂണിറ്റിന്റെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതുമാണ്. കൂടാതെ, നേത്രവിഭാഗം തിയേറ്ററിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. എന്നാൽ, നേത്ര ശസ്ത്രക്രിയകൾ ആരംഭിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാകേണ്ടതുണ്ട്. ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് നേത്രവിഭാഗം തിയേറ്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

ഓർത്തോ ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് ലഭ്യമായാൽ കെട്ടിടം പ്രവർത്തന സജ്ജമാകുന്നതാണ്

**(സി)** ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ മോർച്ചറി ഉണ്ടായിരുന്നിട്ടും സർജന്റെ അഭാവം മൂലം പോസ്റ്റ്മോർട്ടം പരിശോധനകൾ നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രത്യേക തസ്തിക സൃഷ്ടിക്കുന്നതിൽ തടസ്സമുണ്ടെങ്കിൽ മറ്റൊരു ഡോക്ടർക്ക് പ്രത്യേക ചുമതല നൽകി പോസ്റ്റ്മോർട്ടം സേവനം പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ആരോഗ്യ വകുപ്പിനു കീഴിൽ 2026 ജനുവരി 1 മുതൽ ഇതുവരെയായി 57 പോസ്റ്റ് മോർട്ടം നടപടികൾ ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ആശുപത്രിയിൽ ഫോറൻസിക് സർജന്റെ സേവനം ലഭ്യമല്ല. ആയതിനാൽ ചില സാഹചര്യങ്ങളിൽ കോട്ടയം മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ടിവരുന്നുണ്ട്. ആശുപത്രിയിലെ മോർച്ചറി സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പോസ്റ്റുമാർട്ടം നടപടികൾ പൂർണ്ണമായും തടസ്സമില്ലാതെ വേഗത്തിൽ പൂർത്തിയാക്കുന്നതിന് ഒരു ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ചങ്ങനാശ്ശേരി ജനറൽ ആശുപത്രി സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ഡി)** കുറിച്ചി സർക്കാർ ഹോമിയോ ആശുപത്രിയിലെ ഒഴിവുകൾ നികത്തൽ, പുതിയ തസ്തികകൾ അനുവദിക്കൽ, കുടിവെള്ള പ്രശ്നം, ചുറ്റുമതിൽ നിർമ്മാണം, ശമ്പള കുടിശ്ശികയും ഫണ്ടും അനുവദിക്കൽ, എം.ഒ.യു. ഒപ്പുവെക്കൽ, മൂന്ന് നില ഐ.പി കെട്ടിട നിർമ്മാണവും ഭൂമി തർക്കവും പരിഹരിക്കൽ എന്നിവയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതിയും ഫണ്ട് വിവരങ്ങളും കണക്കുകൾ സഹിതം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കുറിച്ചി സർക്കാർ ഹോമിയോ ആശുപത്രിയിൽ ഫാർമസിസ്റ്റ് തസ്തികയിൽ ഒരു ഒഴിവ് മാത്രമാണുള്ളത്. ബാക്കി എല്ലാ തസ്തികകളിലെയും ഒഴിവുകൾ നികത്തിയിട്ടുണ്ട്.

പുതിയ തസ്തികകൾ അനുവദിച്ചിട്ടില്ല.

കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വാട്ടർഅതോറിററിയുമായി പല തവണ കത്തിടപാടുകൾ നടത്തിയെങ്കിലും യാതൊരു നടപടികളും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

ചുററുമതിൽ നിർമ്മാണം ബ്ലോക്ക് പഞ്ചായത്തിന്റെ നേരിട്ടുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചെങ്കിലും എ.എൻ എസ്.എസ് ഹോമിയോ മെഡിക്കൽ കോളേജ് തടസ്സവാദം ഉന്നയിച്ചതിനാൽ പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ പദ്ധതികളിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശികയുടെ ആദ്യഗഡു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എ.എൻ.എസ്.എസ് ഹോമിയോ മെഡിക്കൽ കോളേജും സർക്കാരും തമ്മിലാണ് എം.ഒ.യു ഒപ്പ് വക്കേണ്ടത്. ഇക്കാര്യത്തിലും തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

മൂന്ന് നില ഐ.പി കെട്ടിടം പീഡിയാട്രിക് യൂണിറ്റിനോട് അനുബന്ധിച്ച് പറഞ്ഞിരുന്നെങ്കിലും നിലവിൽ 3 നിലകൾക്കുള്ള ഫൗണ്ടേഷനും ഗ്രൗണ്ട് ഫ്ലോറും 2.25 കോടിയിൽ ഉൾക്കൊള്ളിച്ചുകൊണ്ട് ആദ്യഘട്ടമായി ചെയ്യുന്നതിനും ഒന്നാം നില ഫണ്ട് ലഭ്യമാകുന്ന മുറക്ക് രണ്ടാം ഘട്ടമായി ചെയ്യുന്നതിനും രണ്ടാം നില മൂന്നാം ഘട്ടമായി ചെയ്യുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്.

ആയതിന്റെ പണി ആരംഭിച്ചിട്ടില്ല. പ്രവർത്തി സ്ഥലത്തെ മരങ്ങൾ വെട്ടിമാറ്റുന്നതിനും മൂല്യ നിർണ്ണയം നടത്തുന്നതിനും സോഷ്യൽ ഫോറസ്റ്റിക്ക് കത്ത് നൽകുകയും പരിശോധിക്കുകയും ചെയ്തെങ്കിലും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ട് ലഭ്യമായാൽ ഉടൻതന്നെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. ഫണ്ട് ലഭ്യമാകുന്ന മുറക്ക് രണ്ട് നിലകൾ കൂടി പണിയുന്നതാണ്.

എ എൻ എസ് എസ് ഹോമിയോ മെഡിക്കൽ കോളേജ് അവകാശവാദം ഉന്നയിക്കുന്ന തർക്കസ്ഥലം നിലവിൽ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ട സ്ഥലമാണ്. ആയതിനാൽ, ഈ ഭാഗത്ത് മതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്തിന്റെ തർക്ക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു.

**(ഇ)** കുറിച്ചി ഹോമിയോ ആശുപത്രിയുടെയും ജനറൽ ആശുപത്രിയുടെയും പൂർത്തിയാകാതെ കിടക്കുന്ന പ്രവൃത്തികളും പരാതികളും പരിഹരിക്കുന്നതിനും ഡോക്ടർമാരുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ കണക്കുകൾ സഹിതം പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** ബ്ലോക്ക് പഞ്ചായത്തിന്റെ നേരിട്ടുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ചുറ്റുമതിൽ നിർമ്മാണം ആരംഭിച്ചെങ്കിലും എ എൻ എസ് എസ് ഹോമിയോ മെഡിക്കൽ കോളേജ് തടസ്സവാദം ഉന്നയിച്ചതിനാൽ പണി പൂർത്തീകരിച്ചിട്ടില്ല.

ഡോക്ടർമാരുടെ അപര്യാപ്തത സ്ഥാപനത്തിൽ ഇല്ല

**(എഫ്)** എം.സി. റോഡിലെ അപകടങ്ങൾ കണക്കിലെടുത്ത് ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ അത്യാധുനിക സജ്ജീകരണങ്ങളോടെയുള്ള ട്രോമ കെയർ സെന്റർ സ്ഥാപിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

**മറുപടി:** നിലവിൽ പരിഗണനയിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പ്രവർത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | ജി എച്ച് ചങ്ങനാശ്ശേരി | ജെറിയാട്രിക യൂണിറ്റ് സജ്ജീകരിക്കൽ | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു |
| 2. | ജി എച്ച് ചങ്ങനാശ്ശേരി | ലിക്വിഡ് വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു |
| 3. | ജി എച്ച് ചങ്ങനാശ്ശേരി | ഒ പി ഡി ട്രാൻസ്ഫോർമേഷൻ ഓർത്തോ ഒ പി ബ്ലോക്ക് | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു |
| 4. | ജി എച്ച് ചങ്ങനാശ്ശേരി | ഐ ഒ റ്റി & ഐ വാർഡ് സജ്ജീകരിക്കൽ | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു |
| 5. | പി.എച്ച്.സി വാഴപ്പള്ളി | പുതിയ കെട്ടിട നിർമ്മാണം | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു |
| 6. | സബ് സെന്റർ അമര | പുതിയ കെട്ടിട നിർമ്മാണം | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു |
| 7. | ജി എച്ച് ചങ്ങനാശ്ശേരി | 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2022-23 അർബൻ ഡയാലിസിസ് യൂണിറ്റ് സിവിൽ, ഇലക്ട്രിക്കൽ, ആർ ഒ പ്ലാന്റ് പ്രവൃത്തികൾ | 85% പ്രവൃത്തി പൂർത്തിയായി. അലുമിനിയം പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| 8. | സബ് സെന്റർ പറാൽ | 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2022-23 സ്കീം 1 പ്രകാരം കെട്ടിടമില്ലാത്ത സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിട നിർമ്മാണം | 75% പ്രവൃത്തി പൂർത്തിയായി. ഷീറ്റ് വർക്ക്, പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| 9. | സബ് സെന്റർ സച്ചിവോത്തമപുരം | | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു |
| 10. | സബ് സെന്റർ മാടപ്പള്ളി | 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2022-23 സ്കീം 1 പ്രകാരം കെട്ടിടമില്ലാത്ത സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിട നിർമ്മാണം | നിലവിലെ കെട്ടിടം പൊളിച്ചു മാറ്റേണ്ടതുണ്ട്. ഡി പി ആർ തയ്യാറാക്കി വരുന്നു. എഫ്.എച്ച്.സി മാടപ്പള്ളി പ്രവൃത്തിയുമായി സംയോജിപ്പിച്ചിരിക്കുന്നു |
| 11. | സബ് സെന്റർ പാലമറ്റം | 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2022-23 സ്കീം 1 | സൈറ്റ് ലെവലിംഗ് പൂർത്തിയായി |

| | | | |
|---|---|---|---|
| | | പ്രകാരം കെട്ടിടമില്ലാത്ത സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിട നിർമ്മാണം | സെറ്റിംഗ് ഔട്ട് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു |
| 12. | സബ് സെന്റർ ഏലംകുന്ന് | 15–ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2022-23 സ്കീം 1 പ്രകാരം കെട്ടിടമില്ലാത്ത സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിട നിർമ്മാണം | സൈറ്റ് ലെവലിംഗ് പൂർത്തിയായി. സെറ്റിംഗ് ഔട്ട് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു |
| 13. | സബ് സെന്റർ ളായിക്കാട് | 15–ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2022-23 സ്കീം 1 പ്രകാരം കെട്ടിടമില്ലാത്ത സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിട നിർമ്മാണം | ഏജൻസി സൈറ്റ് സന്ദർശിച്ചു. ഡി പി ആർ തയ്യാറാക്കി വരുന്നു. |
| 14. | എഫ്.എച്ച്.സി മാടപ്പള്ളി | 15–ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2022-23 സ്കീം 1 പ്രകാരം കെട്ടിടമില്ലാത്ത സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിട നിർമ്മാണം | നിലവിലെ കെട്ടിടം പൊളിച്ചു മാറ്റേണ്ടതുണ്ട്. ഡി പി ആർ തയ്യാറാക്കി വരുന്നു. |
| 15. | സി.എച്ച്.സി സച്ചിവോത്തമപുരം ഒ പി & ഐ പി കെട്ടിടം | | സൈറ്റ് ലെവലിംഗ് പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| 16. | യു പി എച്ച് സി പെരുന്ന | | നിലവിലെ കെട്ടിടം പൊളിച്ചു മാറ്റേണ്ടതുണ്ട്. ഡി പി ആർ തയ്യാറാക്കി വരുന്നു. |
| 17. | പി എച്ച് സി കെട്ടിട നിർമ്മാണം പായിപ്പാട് | 15–ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2025-26 സ്കീം 1 പ്രകാരം പുതിയ കെട്ടിട നിർമ്മാണം | പ്രവൃത്തി ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു |